# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2476 — 06.12.2018 ൽ മറുപടിക്ക്

## ബാംബൂ കോർപ്പറേഷൻ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഒ. ആർ. കേളു | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാംബൂ കോർപ്പറേഷനിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ഈറ്റവെട്ട് പനമ്പ്നെയ്ത്ത് തൊഴിലാളികൾക്ക് മിനിമം വേതനത്തിന്റെ കുടിശ്ശിക ഇനത്തിൽ 9 കോടി രൂപയുണ്ടായിരുന്നതിൽ 7 മാസത്തെ കുടിശ്ശിക 167 ലക്ഷം രൂപ ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് വിതരണം ചെയ്തു.<br>2) 2017-18 സാമ്പത്തിക വർഷം വനിതകൾക്ക് പനമ്പ് നെയ്ത്ത്, ഈറ്റ, മുള കൊണ്ടുള്ള കരകൗശല ഉല്പന്നങ്ങൾ, ഫർണ്ണീച്ചർ എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകി തൊഴിലവസരം നൽകുക എന്ന ലക്ഷ്യത്തോട് കൂടി ആരംഭിച്ച പദ്ധതി പ്രകാരം 100 പേർക്ക് പ്രസ്തുത പരിശീലനം നൽകി തൊഴിൽ |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്.<br>3) കോർപ്പറേഷന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് മുൻപ് 12 യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. ഇതിലൂടെ 600 പേർക്ക് നേരിട്ടും 600 പേർക്ക് പരോക്ഷമായും തൊഴിൽ നൽകിയിരുന്നു. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2017-18 സാമ്പത്തിക വർഷം 10 യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ കൂടി ആരംഭിച്ച് 1000 വനിതകൾക്ക് തൊഴിലവസരം നൽകുക എന്ന ലക്ഷ്യത്തോട് കൂടി നിലവിലുള്ള യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾക്ക് പുറമേ 4 യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ മുണ്ടങ്ങാമറ്റം, തോട്ടകം, മഴവന്നൂർ, പാലക്കാട് എന്നിവിടങ്ങളിൽ ആരംഭിക്കുകയും അതുവഴി 200 പേർക്ക് നേരിട്ടും 200 പേർക്ക് പരോക്ഷമായും ജോലി ലഭിച്ചു<br>4) പരമ്പരാഗത ഈറ്റ വെട്ട് പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് 08/05/2017 മുതൽ 20% കൂലി വർദ്ധനവ് നടപ്പിലാക്കി.<br>5) 15 സാമൂഹ്യ യന്ത്രവത്കത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ തുടങ്ങാനും ബാംബൂ കൊറഗേറ്റഡ് ഷീറ്റ് നിർമ്മാണത്തിനുമായി 7.85 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചു.<br>6) കാലങ്ങളായി പനമ്പും ബാംബൂ പ്ലൈയും വില കുറച്ചാണ് വില്പന നടത്തിയിരുന്നത്. ഉത്പാദന ചെലവ് 177 രൂപയുള്ള പനമ്പ് 48 രൂപയ്ക്ക് |

| | | | |
|---|---|---|---|
| | | | വില്പന നടത്തി ഭീമമായ നഷ്ടമാണ് കോർപ്പറേഷനുണ്ടായത്. ഇത് പരിഹരിക്കുന്നതിനായി ഉത്പാദന ചെലവെങ്കിലും കോർപ്പറേഷന് ലഭിക്കുന്ന രീതിയിൽ പനമ്പിന്റെയും പ്ലൈയുടെയും വില വർദ്ധിപ്പിക്കുക വഴി കോർപ്പറേഷന്റെ നഷ്ടം കുറക്കാൻ സാധിച്ചു.<br>7) ബാംബൂ ബോർഡ് ഫാക്ടറിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വില കുറഞ്ഞ എന്നാൽ ഗുണമേന്മ കൂടിയ ബാംബൂ പ്ലൈ സ്റ്റാൻഡേർഡ് വിപണിയിലെത്തിക്കുക വഴി വിപണി പിടിച്ചടക്കാനും കൂടുതൽ ഓർഡർ ലഭിക്കാനും പ്രവർത്തന നഷ്ടം കുറക്കാനും സാധിച്ചു.<br>8) കേരള സംസ്ഥാന ബാംബൂ കോർപ്പറേഷനെ മുള ഉപയോഗിച്ചുള്ള ഉത്പന്നങ്ങൾ നിർമ്മിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന അക്രഡിറ്റേഷൻ ഏജൻസിയാക്കി മാറ്റുന്നതിനുള്ള ശുപാർശ സർക്കാർ പരിഗണനയിലാണ്.<br>9) ഭാരത സർക്കാർ നാഷണൽ ബാംബൂ മിഷന്റെ കീഴിൽ മുളയുടെ വികസനത്തിനായി കഴിഞ്ഞ ബഡ്ജറ്റിൽ 1210 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിലേക്കായി കേരള സർക്കാരിന്റെ കീഴിലുള്ള കേരള സംസ്ഥാന ബാംബൂ മിഷൻ വഴി 50 കോടി രൂപയുടെ പദ്ധതികൾ നാഷണൽ ബാംബൂ മിഷന് സമർപ്പിക്കുകയും അതിൽ 25.71 കോടി രൂപയുടെ പദ്ധതികൾ ഭാരത സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 10) 2018 സെപ്റ്റംബർ മുതൽ ഈറ്റ സുലഭമായി ലഭ്യമാക്കുന്നുണ്ട്. |
| (ബി) | മാനന്തവാടിയിൽ പ്രവർത്തിക്കുന്ന ബാംബൂ കോർപ്പറേഷന്റെ സ്ഥാപനം വൈവിധ്യവത്ക്കരിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ? | (ബി) | മാനന്തവാടിയിൽ പ്രവർത്തിക്കുന്ന ബാംബൂ കോർപ്പറേഷന്റെ സ്ഥാപനമായ മാനന്തവാടി ഫീഡർ യൂണിറ്റ് വൈവിധ്യവത്ക്കരിക്കാനായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്:<br>**1)** മുള ഉപയോഗിച്ച് ഇൻസെൻസ് സ്റ്റിക്ക് നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് സ്ഥാപിക്കുക.<br>**2)** ഈറ്റയിൽ നിന്ന് പനമ്പ് നെയ്യുന്നതിനുള്ള ഒരു സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രം സ്ഥാപിക്കുക.<br>**3)** നിലവിൽ മാനന്തവാടി ഫീഡർ യൂണിറ്റിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ബാംബൂ ഫർണ്ണീച്ചർ നിർമ്മാണ യൂണിറ്റ് വിപുലീകരിച്ച് കൂടുതൽ ഉല്പാദനം നടത്തുക. |

സെക്ഷൻ ഓഫീസർ